LIBRARY ARCHIVES Kerala Legislative Assembly

# VII വ്യക്തിപരമായ വിശദീകരണം

## ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിലെ പരാമർശം

ശ്രീ. വി. ടി. ബൽറാം: സർ, കഴിഞ്ഞ ദിവസം ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറയുന്ന വേളയിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ ഒരു കാര്യത്തെക്കുറിച്ചാണ് ഞാൻ ഈ ക്രമപ്രശ്നമുന്നയിക്കുന്നത്. അദ്ദേഹം തെറ്റിദ്ധാരണമൂലം പറഞ്ഞതാണെന്ന് ഞാൻ വിശ്വസിക്കുകയാണ്. പക്ഷേ അതെനിക്ക് അല്പം അപകീർത്തികരമായ തരത്തിൽ വന്നിട്ടുണ്ട്. അദ്ദേഹം ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നു, 'ഇവിടെ ഇരിക്കുന്ന ബഹുഭൂരിപക്ഷം എം.എൽ.എ.മാരുടെ മണ്ഡലങ്ങളിൽ ചുരുങ്ങിയത് നൂറ് കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ ഈ ബഡ്ജറ്റിലുണ്ട്. ഏതാനും പേരുടെ മണ്ഡലങ്ങളിൽ അത്രയ്ക്ക് പ്രവൃത്തികൾ വന്നിട്ടില്ല. ശ്രീ. വി. റ്റി. ബൽറാം വേണ്ടായെന്നുപറഞ്ഞ റോഡിനുപോലും ഞാൻ തുക വകയിരുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ വേണ്ടെന്ന് പറഞ്ഞതുകൊണ്ടല്ല ആ റോഡ് ആവശ്യമാണെന്നുള്ളതുകൊണ്ടാണ് തുക വകയിരുത്തിയത്. ശ്രീ. വി. റ്റി. ബൽറാമിന് ആ റോഡ് വേണ്ടെങ്കിലും ഞങ്ങൾക്ക് ആ റോഡ് വേണം.' ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി തെറ്റിദ്ധാരണമൂലം പറഞ്ഞതാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഞാൻ അതിന്റെ തലേദിവസം ഈ സഭയിൽ ഒരു സബ്മിഷൻ അവതരിപ്പിച്ചിരുന്നു. ആ സബ്മിഷനിൽ ഞാൻ പ്രസ്തുത റോഡ് വേണമെന്ന് വളരെ അക്കമിട്ട് പറയുകയും അതിനുവേണ്ടി മാത്രമാണ് ആ സബ്മിഷൻ ഉന്നയിച്ചതും. ഞാൻ അതൊന്ന് ഓടിച്ച് വായിക്കുകയാണ്.

മി. സ്പീക്കർ: സബ്മിഷൻ വീണ്ടും വായിക്കേണ്ട ആവശ്യമില്ല. അങ്ങ് പറഞ്ഞാൽ മതി.

ശ്രീ. വി. ടി. ബൽറാം: സർ, എന്റെ നിയോജകമണ്ഡലത്തിലെ പല പ്രധാനപ്പെട്ട റോഡുകളും തീർത്തും ഗതാഗതയോഗ്യമല്ലാതായിരിക്കുകയാണ്. അത്തരത്തിലുള്ള പ്രധാനപ്പെട്ട റോഡിന് ഇടക്കാല ബഡ്ജറ്റിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. കുറ്റിപ്പുറം എഞ്ചിനീയറിംഗ് കോളേജ് മുതൽ എന്റെ മണ്ഡലത്തിലെ കുമ്പിടി, തൃത്താല, വി.കെ. കടവ്, പട്ടാമ്പി വഴി പട്ടാമ്പിയിൽ പുതിയ പാലമടക്കം ഷൊർണ്ണൂരിലേയ്ക്കുള്ള റോഡിന്റെ പ്രൊപ്പോസൽ ഉണ്ടായിരുന്നു.

മി. സ്പീക്കർ: വ്യക്തിപരമായി വിശദീകരിച്ചാൽ മതി. പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. ടി. ബൽറാം: സർ, അതിന്റെ പ്രവർത്തനങ്ങളും പഠനങ്ങളും ഡി.പി.ആർ. തയ്യാറാക്കുന്ന ജോലിയുമെല്ലാം പൂർത്തിയായ സ്ഥിതിക്ക് ഈ ബഡ്ജറ്റിലുൾപ്പെടുത്തി

LIBRARY ARCHIVES Kerala Legislative Assembly

ഫണ്ട് അനുവദിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മാന്ദ്യവിരുദ്ധ പാക്കേജിൽനിന്ന് നീക്കിവയ്ക്കാതെ, ബഡ്ജറ്റിൽ തുക വകയിരുത്തുന്ന പ്രവൃത്തിയായി ഈ വർഷംതന്നെ ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അടിസ്ഥാനപരമായി നമ്മളൊക്കെ ഓരോ നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ച് വരുന്നവരാണല്ലോ. സ്വന്തം നിയോജക മണ്ഡലത്തിലെ വികസന പദ്ധതി വേണ്ടായെന്ന തരത്തിൽ ഞാൻ പറഞ്ഞതായി സഭയിലെ അംഗങ്ങൾക്കും സഭാരേഖ പരിശോധിക്കുന്ന പുറത്തുള്ള ആളുകൾക്കും തെറ്റിദ്ധാരണയുണ്ടാകരുതെന്നുള്ളതുകൊണ്ടാണ് ഞാനിത് വിശദീകരിച്ചതെന്ന് അറിയിക്കുകയാണ്.

## VIII ക്രമപ്രശ്നം

### (1) ചട്ടങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: സർ, നിയമസഭയുടെ നടപടിക്രമവുംകാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 166-ാം ചട്ടപ്രകാരം സഭയുടെ മേശപ്പുറത്തുവച്ച എസ്.ആർ.ഒ. നം.56/2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റുമായി ബന്ധപ്പെട്ടതാണ്. പ്രസ്തുത ആക്റ്റ് മലയാളഭാഷയിൽ പ്രസിദ്ധീകരിച്ച് പാസ്സാക്കിയതാണ്. എന്നാൽ ചട്ടങ്ങൾ ഇംഗ്ലീഷിലാണ് പുറപ്പെടുവിച്ചിട്ടുള്ളത്. കേരള നിയമസഭ പാസ്സാക്കിയ 2015-ലെ മലയാളഭാഷ വ്യാപനവും പരിപോഷണവും ആക്റ്റിലെ 4, 1, 3 വകുപ്പ് പ്രകാരവും കേരള നിയമസഭയുടെ സബോർഡിനേറ്റ് സമിതിയടക്കമുള്ള സമിതികളുടെ റിപ്പോർട്ടുപ്രകാരവും മലയാളഭാഷയിലുള്ള ആക്റ്റുകൾക്ക് ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ അവ മലയാളഭാഷയിൽ തന്നെയായിരിക്കണമെന്ന് കൃത്യമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ സൂചിപ്പിച്ച വ്യവസ്ഥകൾക്ക് വേണ്ടത്ര പരിഗണന നല്കാതെയും മലയാളത്തിലുള്ള നിയമങ്ങൾക്ക് ഇംഗ്ലീഷ് ഭാഷയിലുള്ള ചട്ടങ്ങൾ പുറപ്പെടുവിച്ചത് സഭയോടും നിയമസഭാ സമിതിയോടുമുള്ള അനാദരവാണ്. ഈ നിയമം വളരെ കൃത്യമായി അനുശാസിക്കുകയും പാസ്സാക്കുകയും ചെയ്തതിനെ വയലേറ്റ് ചെയ്തുകൊണ്ടുള്ള ചട്ടങ്ങൾ ഇടയ്ക്കിടയ്ക്ക് പുറപ്പെടുവിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർമാരുടെ ശക്തമായ റൂളിംഗ് ഉണ്ടായിട്ടുപോലും ഇത് ആവർത്തിച്ചുകൊണ്ടിരിക്കുന്നത് ഗുരുതരമായ ഒരു വീഴ്ചയായി കാണുകയാണ്. മലയാളഭാഷ ശ്രേഷ്ഠഭാഷയായി അംഗീകരിക്കുകയും മലയാളഭാഷയെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി ഒട്ടേറെ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ഈയവസരത്തിൽ സഭയിൽത്തന്നെ ഇത്തരത്തിലുള്ള ലംഘനങ്ങൾ നടത്തുമ്പോൾ അത് ഗൗരവമായി എടുക്കണമെന്നും ഇത് ആവർത്തിക്കാതിരിക്കാനുള്ള ശക്തമായ റൂളിംഗും മേൽനടപടിയും ഉണ്ടാകണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ 30-5-2015-ലെ എസ്.ആർ.ഒ.നമ്പർ 352/2015 പ്രകാരം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് റൂൾസ് പുറപ്പെടുവിക്കുകയുണ്ടായി. ഈ ചട്ടങ്ങൾ